17

# മഹത്തായ ഗലീലിയൻ ശുശ്രൂഷ

## ഗലീലിയിലേക്കു മടങ്ങി വന്നതുമുതൽ കൂടാരപ്പെരുന്നാൾ വരെ

**മുഖവുര.** – *a. സമയവും സ്ഥലവും.* – ആ കാലം എന്നു പറയുന്നതു ഒരു വർഷവും ഒമ്പതു മാസവുമാണ് – യേശുവിന്റെ ശുശ്രൂഷയുടെ ഒന്ന–ര ഭാഗത്തിലധികം. ആരംഭ മാസങ്ങളിൽ അവൻ ഒരു പ്രാവശ്യം യെരുശലേം സന്ദർശിച്ചു. ഗലീലിയുടെ വടക്കുകിഴക്കു പ്രദേശങ്ങളിലേക്ക് അവന്റെ അവ സാന ആറു മാസങ്ങളിൽ പോയതായി തെളിയുന്നു. അതൊഴിച്ചാൽ, ക്രിസ്തുവിന്റെ ശുശ്രൂഷയുടെ മുഖ്യഭാഗവും നടന്ന രംഗം ഗലീലിയും, കേന്ദ്രീകരിച്ചിരുന്നതു, കഫർന്നഹൂമും ആയിരുന്നു.

*b. സ്വഭാവരീതികൾ.*– ആ കാലയളവു (1) തീവ്രമായ പ്രവൃത്തികളുടേതാ യിരുന്നു. അതു യാത്രയും, സ്നേഹത്തിന്റേയും ശക്തിയുടേയും അത്ഭുത ങ്ങളും, രഹസ്യവും പരസ്യവുമായ പ്രസംഗങ്ങളും, ഇടയ്ക്കിടെ താമസിച്ചു തിരിച്ചുവരുന്നതും, അല്ലെങ്കിൽ അതികാലത്തു പ്രാർത്ഥനക്കായി വരുന്നതും നിറഞ്ഞതായിരുന്നു. (2) ജനക്കൂട്ടത്തിന്റെ പ്രചാരത്തോടുകൂടി. എല്ലാ സ്ഥല ങ്ങളിൽനിന്നും എല്ലാ തരത്തിലുമുള്ള ആളുകൾ അവന്റെ വാക്കുകൾ, സാക്ഷ്യങ്ങൾ, അവന്റെ ദൈവികശക്തി, എന്നിവ അവരുടെ വ്യക്തിത്വങ്ങ ളിൽ തന്നെ അനുഭവിച്ചറിയുവാൻ വന്നതുകൊ്, പട്ടണവീഥികളെല്ലാം ആളുകളെക്കൊുനിറയുകയും അവൻ നാട്ടിൻപുറത്തേക്കു പിൻവാങ്ങു കയും ചെയ്തു. (3) പരീശന്മാരുടേയും ശാസ്ത്രിമാരുടേയും ശത്രുത നേരിട്ടു, പിന്നെ, ഒടുവിൽ, ഹെരോദാവു അന്തിപ്പാസിന്റേയും ശത്രുതക്കിരയായി. (4) അവസാന മാസങ്ങളിൽ, ജനക്കൂട്ടത്തിന്റെ പ്രചാരം നഷ്ടമാകുകയും, തൽഫലമായി അവൻ ഗലീലിയിലേക്കു പിൻവാങ്ങിപോകയും ചെയ്തു

### I. ആദ്യത്തെ അല്ലെങ്കിൽ തയ്യാറെടുപ്പ് ഘട്ടം-മുതൽ രാമതു ശിഷ്യന്മാരെ വിളിക്കുന്നതുവരെ.

1. **നസ്റേത്തിലെ ത്യജിക്കൽ** (ലൂക്കൊസ് 4:14–30). – എല്ലാവരും വിചാ രിക്കുന്നത്, ഗലീലിയിലെ ഒരു ഗ്രാമം, കുട്ടിയായിരുന്ന യേശുവിനെ സ്നേഹി ക്കുകയും നന്നായി അറിയുകയും ചെയ്തിരുന്നു എന്നാണ്. തന്റെ സ്നാന ത്തിനായി, അവൻ നസ്റേത്ത് വിട്ടു പോയിട്ട്, ഒരു വർഷമോ അതിലധി കമോ ആയിരിക്കുന്നു. താൻ യെരുശലേമിൽ ചെയ്തതുപോലെ, അവിടെ യുള്ളവരുടെ വിശ്വാസത്തിനുവേി തന്നെത്താൻ അർപ്പിക്കുവാനാണ് പോയത്. പോകുന്ന വഴിയിൽ കാനാവിൽവെച്ച് രാജ്യഭൃത്യന്റെ മകനെ സൗഖ ്യമാക്കി രാമത്തെ അത്ഭുതം ചെയ്തു (യോഹന്നാൻ 4:46–54), ഒരുപക്ഷെ താൻ തന്റെ ബാല്യകാലഗൃഹത്തിലേക്കു പോയപ്പോൾ ഉപദേശിച്ചുകാണും. നസ്രേത്തിലെ ഫലവും മിക്കവാറും യെരുശലേമിലേതുപോലെ ആയിരുന്നു. ഈ യുവാവായ *തച്ചന്*,– *അവരെ* പഠിപ്പിക്കുവാൻ *അവന്* എന്തധികാരം?

മുപ്പതുവർഷക്കാലം *യേശു* ജീവിച്ച സമൂഹത്തിലെ ആളുകളുടെ അന്ധത തന്നെയാണ് അവന്റെ ജീവനുവേ ആദ്യം മുൻകൈ എടുത്തത് എന്നത് എത്ര പരിതാപകരമാണ്.

**2. കഫർന്നഹൂം തിരഞ്ഞെടുത്തു** (മത്താ. 4:12-16). - യേശു നസ്രേത്തുവിട്ടു, കഫർന്നഹൂമിൽ വന്നു. അത് ഗലീലി കടലിന്റെ വടക്കുകിഴക്കേ തീരത്ത് സ്ഥിതിചെയ്തിരുന്നതും ജനനിബിഡം കൊും വ്യാപാരം കൊും തിരക്കുള്ള ഒന്നായിരുന്നു, അവൻ തന്റെ ഗലീലിയാ ശുശ്രൂഷക്കു തിരഞ്ഞെടുത്ത നല്ല കേന്ദ്രമായിരുന്നു അത്. രുവർഷത്തേക്ക് പല ആഴ്ച്ചകളോളം ഒരു സമയത്തുപോലും അവൻ സന്നിഹിതനാകാതിരുന്നില്ല. കഫർന്നഹൂമിൽ നിന്ന് അവൻ തന്റെ യാത്രകൾ നടത്തി; അവിടേക്ക് മടങ്ങിവരികയും ചെയ്തു. അവിടെയായിരുന്നു അവന്റെ താമസം, അവന് ഒരു വീടുായിരുന്നുവെങ്കിൽ, ആ കാലയളവിൽ അവൻ അവിടെ ആയിരുന്നു.

**3. മീനിന്റെ അത്ഭുതകരമായ ക്ഷാമവും ശിഷ്യന്മാരെ രാമതു വിളിക്കുന്നതും** (മത്താ. 4:18-22; ലൂക്കൊസ് 5:1-11). - അവൻ കഫർ ന്നഹൂം തിരഞ്ഞെടുത്ത ഉടനെ, യേശു കൂടുതൽ പ്രാധാന്യമുള്ളതായ രാമത്തെ ശിഷ്യന്മാരെ വിളിക്കൽ നടന്നു. അവരെ എല്ലാം അത്ഭുതപ്പെടുത്തിയ മത്സ്യക്ഷാമവുമായി ബന്ധപ്പെട്ടാണ് അതു സംഭവിച്ചത്. പത്രൊസും അന്ത്രയാസും, യാക്കോബും യോഹന്നാനും മീൻപിടിക്കുന്നവർ ആയിരുന്നു. അവരിൽ മൂന്നുപേർ ആദ്യത്തെ അഞ്ചു ശിഷ്യന്മാരിൽ പെട്ടിരുന്നു (യോഹന്നാൻ 1:35-42). രുവിധത്തിൽ രാമത്തെ വിളി ഒന്നാമത്തേതിൽ നിന്ന് വ്യത്യസ്തമാണ്: അത് അവരെ യേശുവിനോട് കൂടുതൽ സ്ഥിരതയോടെ അടുപ്പിക്കുകയും, പ്രത്യേകമായ ശുശ്രൂഷക്കുള്ള ഒരു വിളിയും ആയിരുന്നു. അവനോടുകൂടെ സ്ഥിരമായി ചേർന്നിരുന്ന ആ ശിഷ്യന്മാർ, ഭാവിയിലെ അപ്പോസ്തലന്മാരായി തീർന്നു, തയ്യാറെടുപ്പുഘട്ടത്തിന്റെ അവസാനം കുറിച്ചു.

## II. രാം ഘട്ടം - അപ്പൊസ്തല ന്മാരെ നിയമിക്കുന്നതും, ഗിരിപ്രഭാഷണവും.

**1. കഫർന്നഹൂമിലെ ഒരു ശബ്ബത്ത് സ്മരണീയമാകുന്നു** (മർക്കൊസ് 1:21-34). - യേശു തന്റെ നാലു ശിഷ്യന്മാരുമായി കഫർന്നഹൂമിലേക്കു മടങ്ങിവന്ന്, ഉടനെ തീവ്രമായ പരസ്യശുശ്രൂഷ ആരംഭിച്ചു. പള്ളിയിൽ പോയി അവൻ ഉപദേശിച്ചത് ശക്തിയുള്ളതും "അവരെ വിസ്മയിപ്പിക്കുന്നതും" ആയി. എന്നാൽ ഏറ്റവും അതിശയിപ്പിച്ചത് നിർഭാഗ്യവാന്മാരായ ഭൂതഗ്രസ്തരിൽ ഒരാളെ സൗഖ്യമാക്കിയതാണ്. കഫർന്നഹൂമിലെ യേശുവിന്റെ ആദ്യ അത്ഭുതമായിരുന്നു അത്, കൂടാതെ രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ ബാധ ഒഴിപ്പിക്കലുമാണ്. മർമ്മകരമായ ആ അന്ധകാരശക്തികളുടെ മേൽ ഉായ വിജയം മറ്റ് അത്ഭുതങ്ങളെക്കാൾ ആളുകളെ കൂടുതൽ വിസ്മയിപ്പിച്ചു (*ഒ.വാ.* ലൂക്കൊസ് 4:36, 37; 10:17). തുടർന്ന് അവൻ പത്രൊസിന്റെ ഭവനത്തിലെ അവന്റെ അമ്മാവി-അമ്മയെ സൗഖ്യമാക്കി, വിവിധ വ്യാധികൾ ഉായിരുന്ന ആളുകളെ അവന്റെ അടുക്കൽ കൊുവരികയും സൂര്യാസ്തമയ ശേഷവും ശബ്ബത്തിൽപോലും പുരുഷാരത്തെ അവൻ സൗഖ്യമാക്കി.

**2. ഒരു വലിയ ഗലീലി സന്ദർശനം** (മർക്കൊസ് 1:35-45). - പ്രാർത്ഥനക്കായി അടുത്ത പ്രഭാതത്തിൽ അവൻ വളരെ നേരത്തെതന്നെ പോയി, യേശുവിനെ അവന്റെ ശിഷ്യന്മാരും അനുഗമിച്ചു. പുരുഷാരത്തെ അവഗ

ണിച്ചുകൊ്, അവൻ വിപുലമായ ഒരു ഗലീലി സന്ദർ ശനം നടത്തി, രാജ്യത്തിന്റെ സുവിശേഷം എല്ലായിടത്തും പ്രസംഗിക്കുകയും, വിവിധ രോഗികളെ സൗഖ്യമാക്കുകയും ചെയ്തു. ദേശം മുഴുവൻ ആവേശഭരിതരായി തീർന്നു; പാലസ്തീനിലെ എല്ലാ പ്രദേശങ്ങളിൽ നിന്നും അവന്റെ അടുക്കലേക്ക് ആളുകൾ ഒഴുകി എത്തി (മത്തായി 4:24, 25). ഒരു കുഷ്ഠരോഗിയെ സൗഖ്യമാക്കിയതിന്റെ വിശദാംശം മാത്രമാണ് ഇവിടെ നല്കിയിട്ടുള്ളത്.

**3. ഒരു പക്ഷപാതരോഗിയെ സൗഖ്യമാക്കൽ – എതിർപ്പുകളുടെ ആരംഭം** (മർക്കൊസ് 2:1–12). – ഒരു വർഷമോ അല്ലെങ്കിൽ അതിലധികമോ യേശുവിന്റെ ജനത്തിലുള്ള പ്രചാരം തുടർന്നുവന്നു. എന്നാൽ അസ്പഷ്ടമായ ശത്രുത പരീശന്മാരിൽനിന്നും ശാസ്ത്രിമാരിൽ നിന്നും, പാരമ്പര്യവാദികളിൽ നിന്നും ഉായി. ഒരുപക്ഷപാതരോഗിയെ സൗഖ്യമാക്കിയതിനെ സംബന്ധിച്ചുള്ള വിമർശനമായിരുന്നു അവർ ഉയർത്തിയത്. അന്നുമുതൽ, യെരുശലേമിലും മറ്റുമുള്ള അധികാരികൾ അവന്റെ നീക്കങ്ങൾ ശ്രദ്ധിക്കുവാൻ ഉറ്റുകാരെ വെച്ചു.

**4. മത്തായിയുടെ വിളിയും വിരുന്നും** (മത്താ. 9:9–13; ലൂക്കൊസ് 5:27–32). – എതിർപ്പിനുള്ള മറ്റൊരു കാരണം യേശുവിനോടു കൂടെ ചേർന്നവരിൽ ഉയർന്ന നിലയിലുള്ള ആളുകളും ഉായിരുന്നു എന്നതാണ്. ചുങ്കക്കാർ അത്യാഗ്രഹികളും, കൂടുതൽ ഈടാക്കുന്നതരക്കാരും ആയിരുന്നു; പിന്നെ, റോമാ ഭരണകൂടത്തിന്റെ ഉപകരണങ്ങളായി, യെഹൂദന്മാരാൽ നിന്ദിക്കപ്പെട്ടവരായിരുന്നു അവർ. അവരിൽ ഒരാളായിരുന്ന, മത്തായി, അല്ലെങ്കിൽ ലേവി, യേശുവിന്റെ ശിഷ്യനായി തീർന്നു, തന്റെ യജമാനന് അവൻ വലിയ വിരുന്നൊരുക്കി, അതിലേക്ക് അവൻ നിരവധി ചുങ്കക്കാരെയും പാപികളെയും അതിഥികളായി ക്ഷണിച്ചിരുന്നു. പരീശന്മാരുടെ വിമർശനത്തിന് ഉള്ള മനോഹരമായ മറുപടിയാണ്, "ഞാൻ നീതിമാന്മാരെ അല്ല, പാപികളെയത്രെ, മാനസാന്തരത്തിലേക്ക് തിരിക്കുവാൻ വന്നത്."[1]

**5. യായിറോസിന്റെ മകൾ – ഇടയ്ക്കുചെയ്ത അത്ഭുതം** (മർക്കൊസ് 5:22–43). – രോഗത്തിന്മേലും പ്രകൃതിയിന്മേലും ഭൂതങ്ങളിന്മേലും, തനിക്കു ശക്തിയു് എന്ന് യേശു കാണിച്ചുകൊടുത്തു. മരണത്തിന്മേലും തനിക്കു ശക്തിയു് എന്ന് അവൻ വെളിപ്പെടുത്തി. പ്രസംഗത്തിൽ, അല്ലെങ്കിൽ പിന്നീട്, മത്തായിയുടെ വിരുന്നിൽ, കഫർന്നഹൂമിലെ പള്ളിപ്രമാണി, മരണവക്കിലെത്തിയ തന്റെ മകൾക്കുവേി അപേക്ഷിപ്പാൻ വന്നു. അത്തരം വിളിക്ക് യേശു ഒരിക്കലും ചെവി കൊടുക്കാതെ ഇരുന്നില്ല. വഴിയിൽ ഒരു സ്ത്രീയുടെ രക്തസ്രവം അവൻ സൗഖ്യമാക്കി, അതിനെയാണ് നാം ഇടയ്ക്കുചെയ്ത അത്ഭുതമെന്നു പറഞ്ഞിരിക്കുന്നത്. യായിറോസിന്റെ വീട്ടിലെത്തിയപ്പോൾ ആ പെൺകുട്ടി മരണമെന്ന നിദ്രയിലായിരുന്നു; എന്നാൽ പാപത്തിൽ നിന്നു വീടെുക്കുവാൻ വന്നവൻ ആ പെൺകുട്ടിയെ കല്ലറയിൽനിന്ന് എഴുന്നേൽപ്പിച്ചു അവളുടെ മാതാപിതാക്കളുടെ കൈകളിലേക്ക് ജീവനോടെ കൊടുത്തു.

**6. രാമത്തെ പെസഹ** (യോഹന്നാൻ 5:1–47). – സംശുദ്ധമായി പറയുന്നവർ, യേശു ക്രൂശിക്കപ്പെട്ട പെസഹയെകുറിച്ചു മാത്രമേ പറയുന്നുള്ളൂ. യോഹന്നാൻ 5:1–ലെ "പെരുന്നാൾ" പെസഹ ആണെങ്കിൽ, പിന്നെ യോഹന്നാൻ പറയുന്നത് നാലെണ്ണമായിരിക്കും. എങ്ങനെയായാലും, യേശു തന്റെ ശുശ്രൂഷയിൽ ഈ സമയത്ത് യെരുശലേം സന്ദർശിക്കുന്നു. ഇവിടെ

ബെത്-സെയ്ത കുളത്തിനരികിൽവെച്ച് നിസ്സഹായനായ ഒരു മനുഷ്യനെ സൗഖ്യപ്പെടുത്തിയതായി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അത് ശബ്ബത്താ യിരുന്നു, യെഹൂദന്മാരുടെ വിമർ ശനം വിളിച്ചുവരുത്തുകയും വിപുലമായ ഒരു പ്രസംഗം നടത്തിയത് യോഹന്നാൻ 5-ാം അദ്ധ്യായത്തിൽ നൽകുകയും ചെയ്തു.

**7. വീും ശബ്ബത്ത് വിമർശനം** (മത്താ. 12:1-14). - ഗലീലിയിലേക്ക് മട ങ്ങിവരുമ്പോൾ, യേശുവിന്റെ ശിഷ്യന്മാർ ശബ്ബത്തിൽ കതിർപറിച്ചു തിന്ന തിന്, വിമർശിക്കപ്പെട്ടു. കഫർന്നഹൂമിൽ, അല്ലെങ്കിൽ ഏതോ ഗ്രാമത്തിലേ ക്കുള്ള വഴിയിൽ, യേശു ശബ്ബത്തിൽ കൈവര ഒരാളെ സൗഖ്യമാക്കിയ തിനെ വിമർശിക്കപ്പെട്ടു. ഈ അവസാനത്തെ സംഭവത്തിൽ, അവന്റെ ശത്രു ക്കൾ അവനെ കൊല്ലുവാൻ ആലോചിക്കുകയും ഞെട്ടിപ്പിക്കുന്ന ഒരു ചിത്രീ കരണത്താൽ അവൻ അവരുടെ വ്യർത്ഥമായ മതത്തെയും മതസിദ്ധാന്ത ത്തെയും എടുത്തുകാണിച്ചു.

**8. പന്തിരുവരും ഗിരിപ്രഭാഷണവും** (മത്താ. 5-7). - യേശുവിന്റെ വ്യ ക്തിപരമായ ശുശ്രൂഷ ശക്തമായിരുന്നു, എന്നാൽ അത് വളരെ ചുരുങ്ങിയ തുമായിരുന്നു. അതിന്റെ സ്വാധീനം നിലനിൽക്കേതിന്, ആ ഉന്നത വസ്തു തകൾക്ക് പരിശീലനവും യോഗ്യതയുമുള്ള സാക്ഷികൾ വേണമായിരുന്നു. ആ ഉദ്ദേശത്തിനായി, താൻ തിരഞ്ഞെടുത്ത ശിഷ്യന്മാരിൽ നിന്ന് പ്രത്യേക പരിശീലനത്തിനും നിർദ്ദേശങ്ങൾക്കുമായി[2] പന്തിരുവരെ വേർതിരിച്ചു.

പിന്നീടാണ് ഗിരിപ്രഭാഷണം എന്നത് അറിയപ്പെടുന്നത്. നമുക്ക് ലഭിച്ചി രിക്കുന്ന യേശുവിന്റെ വലിയ പരസ്യപ്രസംഗം അതാണ്. അത്, അവന്റെ രാജ്യത്തിന്റെ തത്വങ്ങളിൽ ശ്രേഷ്ഠമായതും, രു നിയമങ്ങൾ തമ്മിലുള്ള അടിസ്ഥാനപരമായ തത്വങ്ങൾ സാക്ഷാത്കരിക്കുന്നതും, ആശ്ചര്യകരമായ വ്യത്യാസം ജനിപ്പിക്കുന്നതുമാണ്. അത് പന്തിരുവരും ശിഷ്യന്മാരുമായ വലിയ കൂട്ടത്തെ ഏൽപിച്ചു, എന്നാൽ ക്രമരഹിതമായ ജനക്കൂട്ടം അടു ത്തുനിന്നും അകലെനിന്നും വന്നുകൊിരുന്നു. പന്തിരുവരെ തിരഞ്ഞെ ടുത്തതും ഗിരിപ്രഭാഷണവും യേശുവിന്റെ ശുശ്രൂഷയിൽ ഒരു വഴിത്തിരി വായിത്തീർന്നു. ദേശത്തിന്റെ നിയമപരമായ ഉപദേഷ്ടാക്കന്മാർ അവനെ തള്ളിക്കളഞ്ഞു; എന്നാൽ ആ ദിവസത്തെ മലയിലെ ഇടപാടുകൾ, "*ഞാനോ* നിങ്ങളോടുപറയുന്നു," എന്നാവർത്തിച്ച് പറഞ്ഞത് ഒരു പുതിയ ക്രമം വരുന്നു എന്ന പരസ്യമായ മുന്നറിയിപ്പായിരുന്നു.

### III. മൂന്നാം ഘട്ടം-ഉപമയിലൂടെ ഉപദേശിക്കൽ തിരഞ്ഞെടുക്കുന്നു.

**1. വേല തുടരുന്നു.** - കഫർന്നഹൂമിലും അതിനുചുറ്റുമായി യേശു തന്റെ വലിയ മിഷ്ണറി പ്രവർത്തനം തുടർന്നുവന്നു. ഒരു റോമാശതാധിപന്റെ ദാസനെ സൗഖ്യമാക്കി (മത്താ. 8:5-13) ജാതികളിൽ പോലും ഉള്ള വലിയ വിശ്വാസം അവനിൽ ചിത്രീകരിക്കുകയും, തന്റെ രാജ്യത്തിന്റെ സർവ്വദേ ശീയമായ പ്രവചന സൂചന നൽകുകയും ചെയ്തു. നയീനിലെ വിധവ യുടെ മകനെയാണ്, രാമതായി യേശു ഉയർപ്പിച്ചത് (ലൂക്കൊസ് 7:11-17). യേശുവിന്റെ മൊത്തത്തിലുള്ള ശുശ്രൂഷയിൽ ഹൃദയസ്പർശിയായ സംഭ വങ്ങൾ ഈ കാലത്താണുായത്. ഒരു പരീശന്റെ വീട്ടിലെ വിരുന്നിനു യേശു ഇരുന്നപ്പോൾ, പാപിയായ ഒരു സ്ത്രീ കണ്ണുനീരോടുകൂടി വിലയേ റിയ തൈലംകൊു അവനെ അഭിഷേകം ചെയ്തു (ലൂക്കൊസ് 7:36-50).

ആതിഥേയനെ വിമർശിച്ചുകൊു അതിഥി മനോഹരമായ രു കടക്കാരുടെ പാഠം പഠിപ്പിച്ചു.

**2. യോഹന്നാനോട് യേശുവിന്റെ സാക്ഷ്യം** (ലൂക്കൊസ് 7:18-35). - യേശു യെഹൂദ്യ വിട്ടുപോകുവാനുള്ള ഒരു കാരണം യോഹന്നാൻ തടവിലായതാണ്. പരുന്തിന്റെ മനോഭാവമുള്ള യോഹന്നാൻ ഒരു വർഷത്തേക്ക് ചാവുകടലിന്റെ കിഴക്കേ തീരത്ത് "കറുത്ത കൂട്ടിൽ," അടക്കപ്പെട്ടിരിക്കയായിരുന്നു. യേശു സ്നാനം ഏറ്റപ്പോൾ, സ്വർഗം തുറക്കുന്നതു അവൻ കു, മശിഹയെക്കുറിച്ചുള്ള ദൈവികവെളിപ്പാട് കേട്ടു. എന്നാൽ യോഹന്നാന്റെ പ്രതീക്ഷയനുസരിച്ചുള്ള പ്രവൃത്തിയല്ല യേശു ചെയ്തത്. ഹെരോദുമാരും പിലാത്തൊസുമാരും കയ്യഫാവുമാരും അപ്പോഴും അധികാരത്തിൽ തന്നെയാണ്. അവൻ എന്തുകൊാണ് ദേശത്തെ സൂക്ഷ്മനിരീക്ഷണം നടത്തി, പതിരെല്ലാം കത്തിച്ച്, നീതിയോടെ ഭരിക്കാത്തത്? അത്തരം വിചാരങ്ങളായിരിക്കാം അവൻ തന്റെ ശിഷ്യന്മാരെ യേശുവിന്റെ അടുക്കൽ അയച്ച് ഇപ്രകാരം ചോദിച്ചത്, "വരുവാനുള്ളവൻ നീ തന്നെയോ, അതോ ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കണോ?" യോഹന്നാനെ പുകഴ്ത്തിയും താൻ ചെയ്തുകൊിരിക്കുന്ന പ്രവൃത്തികളെ ബോധ്യപ്പെടുത്തിയും കൊാണ്, അവൻ ആ ശിഷ്യന്മാരെ മടക്കി അയച്ചത്.

**3. ഉപമയിൽകൂടെ ഉപദേശിക്കുന്നതു തിരഞ്ഞെടുത്തു** (മത്താ. 8; മർക്കൊസ് 4:1-34). - യേശുവിന്റെ വലിയ ഒരുകൂട്ടം ഉപമയിലാണ് നാം എത്തിയിരിക്കുന്നത്. രുകൂട്ടം ഉപമകൾ വേറെയുമു്, ഒന്ന് പെറിയയിലെ ശുശ്രൂഷയിലാണ്, മറ്റൊന്നു കർത്താവിന്റെ പരസ്യശുശ്രൂഷയുടെ അവസാനം പറയുന്നതാണ്. ഉപമകൾ പരിചയപ്പെടുത്തിയപ്പോൾ ശിഷ്യന്മാർ അതിശയിച്ചുപോയി (മത്താ. 13:10). അതിന്റെ മുഖ്യമായ കാരണം പരീശന്മാരുടെയും ശാസ്ത്രിമാരുടേയും കാപട്യവും ശത്രുതയുമായിരുന്നു. ഉപകാരപ്രദമായ അത്ഭുതങ്ങൾ തുടരെതുടരെ അവൻ പ്രവർത്തിച്ചു; എങ്കിലും അവൻ അതെല്ലാം ചെയ്തതു ഭൂതങ്ങളുടെ തലവന്റെ ശക്തികൊാണെന്നു പറഞ്ഞു (മത്താ. 12:22-37), മര്യാദയില്ലാതെ അവനിൽ നിന്നും അടയാളം ആവശ്യപ്പെട്ടു (മത്താ. 12:38-45). അവരുടെ അസംഖ്യമായ പാപങ്ങളെ യേശു അറിഞ്ഞുകൊ് പരിശുദ്ധാത്മാവിനെതിരായിട്ടാണ് അവർ പാപം ചെയ്യുന്നതെന്നും, അതിനു പാപമോചനം ഇല്ലെന്നും അവൻ വ്യക്തമാക്കി. പ്രമാണിമാരുമായി ഏറ്റുമുട്ടൽ ഒഴിവാക്കുന്നതിനു അവൻ ഉപമകളായി സംസാരിച്ചുതുടങ്ങി, അതു രഹസ്യമായി അവൻ തന്റെ ശിഷ്യന്മാർക്കു വിവരിച്ചു കൊടുത്തു (മത്താ. 13:10-16). മറ്റൊരു കാരണം, തന്റെ പാഠങ്ങൾക്കു ശക്തിയും മനോഹാരിതയും, വർദ്ധിപ്പിക്കുന്നതിനാണ്. എന്നാൽ ഉപമകളിൽകൂടിയുള്ള ഉപദേശം പരീശന്മാരുടേയും ശാസ്ത്രിമാരുടേയും ശത്രുതയുമായി അടുത്തു ബന്ധപ്പെട്ടിരിക്കുന്നു.

### IV. നാലാം ഘട്ടം-കഫർന്ന ഹൂമിലെ പള്ളിയിലെ ഉപദേശം

**1. കൊടുങ്കാറ്റിനെ ശാന്തമാക്കുന്നതും ഗദ്രേനയിലെ ഭൂതബാധിതരും** (മത്താ. 8:18-34). - ഉപമകളിൽ സംസാരിച്ച ദിവസം യേശുവിനു മഹത്തായ ദിവസമായിരുന്നു. അവൻ ഭൂതങ്ങളുമായി മല്ലിടുകയും, വിരോധികൾ ഗൂഢാലോചന നടത്തുകയും, സ്നേഹിതന്മാർ അവനെ അന്വേഷിക്കുകയും ചെയ്തു, ആ ദിവസം അനശ്വരമായ ഉപമകളോടെ അവൻ അവസാനിപ്പി

ച്ചു. ജോലി ചെയ്തു ക്ഷീണിച്ചതുകൊ് ചെറിയ തടാകത്തിനക്കരെ പോകുവാൻ കല്പിക്കയും, രേഖപ്പെടുത്തിയ വേദഭാഗം അവസാനത്തേതല്ലെങ്കിലും, ആദ്യമായി നാം കാണുന്നു. പെട്ടെന്നുായ കൊടുങ്കാറ്റ്, തീവ്രമായ മുന്നറിയിപ്പ്, യജമാനൻ മയങ്ങിയപ്പോൾ ആയിരുന്നു അത്, അവൻ "അടങ്ങുക, ശാന്തമാകുക,"[3] എന്ന് കടലിനെ ശാസിക്കയും ചെയ്തപ്പോൾ, കാറ്റും തിരമാലകളും അസാധാരണമായി പെട്ടെന്നു നിലച്ചു. ഒരു അത്ഭുതം മറ്റൊന്നിനേക്കാൾ വലുതായിരുന്നു എന്നു പറയുന്നതു വാസ്തവമല്ല; എന്നാൽ ചില അത്ഭുതങ്ങൾ നടന്നപ്പോൾ മറ്റുള്ളവയെക്കാൾ വന്നുകൂടിയവർക്ക് അത്ഭുതം ഉളവായി എന്നതു വാസ്തവമാണ്. "കാറ്റും കടലും പോലും അനുസരിക്കുന്ന ഇവൻ ആർ?"[4] കിഴക്കേ കടൽ തീരത്ത് യേശു ആളുകളെ അത്ഭുതപ്പെടുത്തുന്ന[5] മറ്റു പ്രവൃത്തികളും ചെയ്തു. രു ഭൂതബാധിതർ അവനെ കുമുട്ടി, അവരിൽ ഒരാൾക്ക് അസംഖ്യം ഭൂതങ്ങൾ ബാധിച്ചിട്ടുായിരുന്നു. ആ ഭൂതബാധിതർ സ്വബോധമുള്ളവരായി വസ്ത്രം ധരിക്കുന്ന കാഴ്ച്ച ഗദ്രേനയിൽ ഉള്ളവർക്കു അതിശയമായി, എന്നാൽ പന്നിക്കൂട്ടം നഷ്ടമായവർക്ക് അവനോടു കോപമുായി; അവരുടെ അഭ്യർത്ഥന മാനിച്ച്, യേശു, വീും കടൽകടന്ന് പടിഞ്ഞാറേ തീരത്തേക്കുപോയി.

**2. പന്തിരുവരുടെ ആദ്യ ദൗത്യം** (മത്താ. 9:35–11:1). – ഗലീലിയിലേക്ക് മടങ്ങിവന്ന യേശു തന്റെ ബാല്യകാല സ്ഥലത്തേക്ക് രാമത്തേതും അവസാനത്തേതുമായ സന്ദർശനം നടത്തി; എന്നാൽ നസ്രേത്തുകാർ ഒരിക്കൽ കൂടെ അവനെ തള്ളിക്കളഞ്ഞു. അപ്പോഴും അവന്റെ വേല തുടരണം. പ്രസംഗമെന്ന കലയിൽ പ്രവർത്തിക്കുന്ന പന്തിരുവർക്ക്, തങ്ങളുടെ മഹത്തായ സേവനം നടത്തേ സമയമായി. അതനുസരിച്ച് അവൻ അവർക്ക് ഗലീലി സന്ദർശിക്കുവാനുള്ള ആജ്ഞ കൊടുത്തു, അത് രുപേർ വീതം പോയി, പ്രസംഗിക്കുവാനും അത്ഭുതങ്ങൾ ചെയ്യുവാനും ആയിരുന്നു. അതിനിടയിൽ യേശു തന്റേതായ വേല തുടർന്നിരുന്നു. യേശുവിന്റെയും യോഹന്നാന്റെയും, വ്യക്തിപരമായ ദൗത്യം തയ്യാറെടുപ്പിന്റേതായിരുന്നതുപോലെ, പന്തിരുവരുടെ ദൗത്യവും അങ്ങനെയായിരുന്നു എന്നത് ശ്രദ്ധിക്കേതാണ്. അത് യിസ്രായേലിലെ കാണാതെ പോയ ആടുകളിൽ പരിമിതപ്പെടുത്തിയിരുന്നു, അതിന്റെ ഉത്തരവാദിത്വം, "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ, മാനസാന്തരപ്പെടുവിൻ"[6] എന്നതായിരുന്നു.

**3. യോഹന്നാൻ സ്നാപകന്റെ മരണം** (മത്താ. 14:1–12). – ഇതുമായി ബന്ധപ്പെട്ട്, ഇതു പറയുന്നതിന് മുൻപ്, യോഹന്നാന്റെ മരണം, സംഭവിച്ചിരുന്നു. ഹെരോദാവു അന്തിപ്പാസ് അവന്റെ ജീവിച്ചിരിക്കുന്ന സഹോദരനായ ഫിലിപ്പോസിന്റെ ഭാര്യയായ, ഹെരോദ്യയെ വിവാഹം കഴിച്ചു. ഒരു നാടുവാഴിയുടെ പാപത്തെ ശാസിക്കുവാൻ യോഹന്നാന് മടി ഉായിരുന്നില്ല. എന്തും ചെയ്യാൻ മടിയില്ലാത്ത, ഹെരോദ്യാ, അതിൽ അസ്വസ്ഥയാകുകയും, യോഹന്നാനെ ആദ്യം തടവിലാക്കി കൊല്ലുന്നതുവരെ, ഹെരോദാവിനു, അവൾ ഒന്നും കൊടുത്തിരുന്നില്ല. യേശുവിന്റെ അത്ഭുതപ്രവൃത്തികളുടെ ശ്രുതി ഹെരോദാവിന്റെ ചെവിയിൽ എത്തിയപ്പോൾ, അവൻ പറഞ്ഞു: "അത് യോഹന്നാൻ സ്നാപകൻ മരിച്ചവരിൽനിന്ന് എഴുന്നേറ്റിരിക്കുന്നതാണ്."

**4. അയ്യായിരം പേരെ പോഷിപ്പിക്കുന്നതും ജീവന്റെ അപ്പത്തെ കുറിച്ചുള്ള പ്രസംഗവും** (യോഹന്നാൻ 6). – പന്തിരുവർ അവരുടെ ഗലീലി സന്ദർശനത്തിനുശേഷം മടങ്ങിവരുകയും, യേശു തന്റെ ജോലിയിൽ നിന്ന്

വിശ്രമിക്കുവാനായി തിരിച്ചുവരികയും ക്ഷീണിച്ച ആളുകൾക്ക് തടാകത്തിന്റെ കിഴക്കുഭാഗത്തുവെച്ച് രഹസ്യനിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. എന്നാൽ പുരുഷാരം അവനെ കേൾക്കുവാനായി തിങ്ങിക്കൂടുകയും, അവൻ അവരെ അപ്പോഴും ഉപദേശിക്കുകയും ചെയ്തിരുന്നു. രാത്രി അടുത്തുകൊ ിരുന്നു; ആളുകൾ അവരുടെ വീടുകളിൽ നിന്ന് ദൂരെയാണ് വന്നിരിക്കുന്നത്, ഭക്ഷിപ്പാൻ അവരുടെ കയ്യിൽ ഒന്നുമില്ലായിരുന്നു. മനുഷ്യന്റെ ഓരോ ആവശ്യത്തോടും മനസ്സലിവു കാണിക്കുന്നവൻ, ഏതാനും അപ്പവും വീഞ്ഞും വർദ്ധിപ്പിച്ചുകൊ് എല്ലാവരേയും തൃപ്തിപ്പെടുത്തി. അത് അവന്റെ പ്രചാരത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിച്ചു. പുരുഷാരം തിരിഞ്ഞ് അവനെ രാജാവാക്കുവാൻ ശ്രമിച്ചു. അത് അവനെ മൂന്നാമത്തെ പരീക്ഷണത്തിലേക്ക് തിരിച്ചുവിട്ടു. എന്നാൽ യേശു അവർ ആഗ്രഹിച്ച തരത്തിലുള്ള മശിഹ ആയി തീർന്നില്ല. പുരുഷാരത്തെ പറഞ്ഞുവിട്ടുകൊ്, പന്തിരുവരെ കടലിന്നക്കരേക്കയച്ചു, അവൻ ഒരു പർവ്വതത്തിലേക്ക് ഏകാന്തമായി വേറിട്ടുപോയി. പിന്നെ രാത്രിയിൽ കാറ്റും കോളുമുള്ള കടലിലൂടെ നടന്ന് അവൻ അവരുടെ അടുക്കലേക്കു വന്നു. അയ്യായിരം പേരെ പോഷിപ്പിക്കുന്ന അത്ഭുതം മാത്രമാണ് എല്ലാ സുവിശേഷങ്ങളിലും രേഖപ്പെടുത്തിയിട്ടുള്ളത്. കഫർന്നഹൂമിലെ പ്രസംഗം, രേഖപ്പെടുത്തിയത്, യോഹന്നാൻ മാത്രമാണ്, അതു ഉയർന്നു തന്നെ നില്ക്കുന്നു. അവൻ ജീവന്റെ അപ്പമായി അവിടെ വസിക്കുന്നു. ആകാംക്ഷയുള്ള പുരുഷാരം തങ്ങൾ ആഗ്രഹിച്ച രീതിയിലുള്ള മശിഹയല്ല അവൻ എന്ന് മനസ്സിലാക്കുവാൻ തുടങ്ങി. അവൻ അവരുടെ തരം താഴ്ന്ന ആശയങ്ങളോട് പറ്റിച്ചേരുവാനോ, ഒരു ഭൗമിക രാജാവായി തീരുവാനോ, ഏറ്റവും ഉയർന്ന അധികാരം പ്രകടമാക്കുവാനോ ആയിരുന്നില്ല ശ്രമിച്ചത്. *അതിനു*വേിയായിരുന്നില്ല അവൻ വന്നത്. അവന്, മനുഷ്യന്റെ വീടെുപ്പ്, ക്രൂശിന്റെ വഴിയിൽ കൂടെ ആയിരുന്നു.

കഫർന്നഹൂമിലെ അവന്റെ പ്രസംഗം യേശുവിന്റെ ജീവിതത്തിൽ മറ്റൊരു വഴിത്തിരിവായി തീർന്നു. "അന്നുമുതൽ അവന്റെ ശിഷ്യന്മാരിൽ പലരും പിൻവാങ്ങിപ്പോയി, പിന്നെ അവനോടുകൂടെ സഞ്ചരിച്ചില്ല" (യോഹന്നാൻ 6:66). പരീശന്മാരും ശാസ്ത്രിമാരും അവനെ ദീർഘകാലം പകച്ചിരുന്നു; ഗദരേനക്കാരും നസ്രേത്തുകാരും അവനെ തള്ളിക്കളഞ്ഞു; ഹെരോദാവു അന്തിപ്പാസ് അവനെ അപകടപ്പെടുത്തേതിനു ആലോചന തുടങ്ങി; ഇപ്പോൾ അവന്റെ ശിഷ്യന്മാരിൽ പലരും, നിരാശയോടെ, വിട്ടുപോയി.

### V. അഞ്ചാം ഘട്ടം - കൂടാരപ്പെരുന്നാളിന് ഗലീലയിലേക്ക് ഉള്ള അവന്റെ അവസാന പുറപ്പെട്ടുപോകൽ.

1. **ദൈർഘ്യം.** – തന്റെ ശുശ്രൂഷയിൽ മൂന്നാമത്തെ പെസഹക്കു യേശു പോയില്ല. അതു സംഭവിച്ചതു അവൻ അയ്യായിരം പേരെ പോഷിപ്പിച്ച സമയത്തായിരുന്നു (യോഹന്നാൻ 6:4). അതുകൊു, അവന്റെ ഗലീലിയ ശുശ്രൂഷയുടെ അവസാനഘട്ടം, ഏപ്രിൽ മുതൽ ഒക്ടോബർ വരെ, ഏതാു ആറുമാസം നീുനിന്നു.

2. **പുതിയ വീക്ഷണങ്ങൾ.** – ഈ കാലത്ത് അതിശയിപ്പിക്കുന്ന വീക്ഷണങ്ങൾ നൽകുന്നു. ആ കാലം, –

*a. അലഞ്ഞുതിരിയൽ.* – യേശു ഫൊയിനിക്യയിലും, ബാഷാൻ ജില്ല

യിലും, ഡെക്കപ്പൊലിയിലും സന്ദർശനം നടത്തി. എങ്ങനെയായാലും, അവൻ, ഗലീലിയിലെ തന്റെ വേല മുഴുവനും നിർത്തിയിരുന്നില്ല.

*b. വേറിട്ടുനിൽക്കൽ.* – യേശു തുടർന്നും പുരുഷാരത്തെ ഒഴിവാക്കുകയും, പന്തിരുവരോടുകൂടെമാത്രം സമയം ചിലവഴിക്കാൻ ആഗ്രഹിക്കുകയും ചെയ്തു.

*c. രഹസ്യമായ നിർദ്ദേശം.* – ചെറിയ പരസ്യമായ ഉപദേശവും, ഏതാനും അത്ഭുതങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. തന്റെ രാജ്യത്തിന്റെ അടിസ്ഥാനപരമായ കാര്യങ്ങളെ ഉപദേശിച്ചുകൊടുത്ത് പന്തിരുവരെ പരിശീലിപ്പിക്കുകയും, തന്റെ മരണം അടുത്തുവരുന്നതുകൊ് അവരെ അവൻ തയ്യാറാക്കുകയും ചെയ്തു (*ഒ.വാ.* മത്താ. 16:21–23; 17:9; മർക്കൊസ് 9:30–32).

**3. ഫൊയിനിക്യ സന്ദർശനം** (മത്തായി 15:21–28). – അവന്റെ ദൗത്യം സകല ദേശത്തുമുള്ള ആളുകളെ രക്ഷിക്കുക എന്നായിരുന്നു എങ്കിലും ഒരിക്കൽ തന്റെ ദേശത്തിൽ നിന്ന് അവൻ പുറത്തുപോയി. അവന്റെ ഏക സന്ദർശനത്തെയാണ് രേഖപ്പെടുത്തിയിരിക്കുന്നത് – അത് ശൂനേംകാരത്തി സ്ത്രീയുടെ മകളെ സൗഖ്യമാക്കിയതാണ്. അവളുടെ താഴ്മയുള്ളതും, കീഴ്പ്പെടുത്തുവാൻ ആകാത്തതുമായ, വിശ്വാസം, ഗലീലിയിലെ കാപട്യമുള്ള പരീശന്മാരുടെ മനസ്സുറപ്പില്ലാത്ത അവസ്ഥയ്ക്കുശേഷം ആശ്വാസം നൽകിയതായി കാണാം. സോറും സിദോനും വഴിയായി, യേശു ദെക്കപ്പൊലിയിലേക്ക് ദീർഘദൂരം സഞ്ചരിച്ചു. അവിടെ ഒരിക്കൽകൂടെ പുരുഷാരം അവനുചുറ്റും കൂടി, ഒരിക്കൽ കൂടെ അവൻ അവരെ അത്ഭുതകരമായി പോഷിപ്പിച്ചു, അവരുടെ സംഖ്യ നാലായിരമായിരുന്നു. തടാകം കടന്ന് അവൻ, ഗലീലിയിലേക്ക് വീും മടങ്ങിവന്നു. ഗലീലി ശുശ്രൂഷയുടെ അവസാനഘട്ടം മുഴുവനും, ഹെരോദാവു അന്തിപ്പാസിന്റെ പ്രദേശത്തിനപ്പുറം വിപുലമായ സന്ദർശനമാണ് യേശു നടത്തിയത്, അപ്പോഴും ഗലീലിയായിരുന്നു അവന്റെ പ്രവർത്തനത്തിന്റെ കേന്ദ്രം.

**4. ഫിലിപ്പിന്റെ കൈസര്യയിലെ സന്ദർശനം; വലിയ ഏറ്റുപറച്ചിൽ** (മത്താ. 16). – യേശു ഗലീലിയിലേക്കു മടങ്ങിവന്നപ്പോൾ, പരീശന്മാർ, സദൂക്യരാൽ, അവരുടെ ആക്രമണം പുതുതാക്കി (മത്താ. 16:1–4); പിന്നെ, യേശു ഫിലിപ്പിയിലെ ഹെരോദാവിന്റെ പ്രദേശം സന്ദർശിച്ചപ്പോൾ, അവൻ ശിഷ്യന്മാരോടു പരീശന്മാരുടെയും സദൂക്യരുടെയും "പുളിച്ചമാവ്" സൂക്ഷിച്ചു കൊൾവാൻ പറഞ്ഞു.

അവന്റെ ശുശ്രൂഷ ഇപ്പോൾ അവസാനിക്കാറായി. അവൻ ഔപചാരികമായി മശിഹ ആണെന്ന് ഒരിക്കലും അവകാശപ്പെട്ടില്ല. താൻ ചെയ്ത പ്രവർത്തികളാൽ, പറഞ്ഞ സത്യത്താൽ, തന്റെ ജീവിതത്താൽ ക്രമേണ സത്യം ആളുകളുടെ ഉള്ളിലേക്ക് എത്തട്ടെ എന്നു അവൻ തീരുമാനിച്ചു. എന്നാൽ ഫലങ്ങളെ പരിശോധിക്കുന്നതിനു സമയമാവുകയും, അവരുടെ നിശബ്ദമായ ബോധ്യം തുറന്ന ഏറ്റുപറച്ചിലിൽ എത്തുകയും ചെയ്തു. ഏകാന്തമായ പ്രാർത്ഥനക്കുശേഷം, യേശു പന്തിരുവരോടു രുചോദ്യങ്ങൾ ചോദിച്ചു:

"ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു?"[7]

അവനെയും അവന്റെ ദൗത്യത്തെയും മനസ്സിലാക്കുന്നതിൽ ആളുകൾ എത്രത്തോളം പരാജയപ്പെട്ടു എന്നു കാണിക്കുന്നതാണ് വിവിധ ഉത്തരങ്ങൾ.

"നിങ്ങളോ എന്നെ ആർ എന്നു പറയുന്നു?"[8]

*"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ, ക്രിസ്തുവാകുന്നു."*[9]

ഈ ഏറ്റുപറച്ചിലിന്റെ പ്രാധാന്യത്തെ അതിശയോക്തമാക്കുവാൻ സാധ്യമല്ല. ചിലപ്പോൾ, *അവരും*, സത്യം മനസ്സിലാക്കാതെയിരുന്നിരിക്കാം.

അപ്പോൾ സംസാരിച്ചതു പത്രോസായിരുന്നു; തനിക്കുവേി ആയിരുന്നില്ല, എന്നാൽ പന്തിരുവർക്കുവേി ആയിരുന്നു. അപ്പോൾ യേശുവിന്റെ പ്രവൃത്തി ഒരു പരാജയമായിരു*ന്നില്ല*. തന്റെ ഭാവി സഭയുടെ മുളകളായി അവൻ കത് തനിക്കു ചുറ്റുമുായിരുന്ന ഒരു ചെറിയ കൂട്ടമായിരുന്നു, അതിനെ വളർത്തുന്നത് പത്രൊസ് ഏറ്റുപറഞ്ഞ സത്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു, വാസ്തവത്തിലുള്ള "അപ്പോസ്തോലിക പ്രമാണം അതായിരുന്നു." എന്നാൽ അപ്പോൾ അത് പ്രഖ്യാപിക്കേിയിരുന്നില്ല. മിശിഹാത്വത്തിൽ സമർപ്പിക്കപ്പെട്ടവരോടു, യേശു മശിഹാത്വത്തിൽ ഉൾപ്പെട്ടതെല്ലാം – ത്യജിക്കലും, മരണവും, ഉയർത്തെഴുന്നേൽപും വെളിപ്പെടുത്തേിയിരുന്നു. പത്രൊസ്, അപ്പോഴും തന്റെ പ്രാകൃതമായ ആശയങ്ങളിൽ, എതിർപ്പുകളിൽ ഒതുങ്ങിയിരുന്നു. "സാത്താനേ, നീ എന്നെ വിട്ടുപോക,"[10] എന്നതായിരുന്നു യജമാനന്റെ പെട്ടെന്നുള്ള ശാസന; അതിനെ തുടർന്ന്, അപ്പോഴും വേദനയോടെ ആവശ്യമായ, ശിഷ്യത്വം, *കൂടാതെ,* സ്വയ-ത്യജിക്കൽ എന്നും അർത്ഥമാകുന്നത് ആവശ്യമായിരുന്നു; കിരീട-ധാരണത്തിനു മുൻപ് കൂശ്-ധരിക്കൽ ആവശ്യമാണ്.

5. **മറുരൂപം** (മത്താ. 17:1–13). – ആ കാലയളവിലൊക്കെയും യേശു ഇരു നിഴലുകളിൽ സഞ്ചരിക്കയായിരുന്നു: അവനു പിന്നിൽ, ഗലീലിയിലെ ത്യജിക്കൽ; മുൻപിൽ, ക്രൂശ്; എന്നാൽ അവനു ചുറ്റും, ഒരുകൂട്ടം വിശ്വസ്തരായ ശിഷ്യന്മാർ; അവനു മുകളിൽ, മാറ്റമില്ലാത്ത പിതാവിന്റെ സ്നേഹം. ഗലീലയിലെ അവന്റെ വിരോധികളെയും, യെഹൂദ്യയിലെ കൂടുതൽ ശത്രുക്കളെയും, അഭിമുഖീകരിപ്പാൻ മടങ്ങുന്നതിനുമുൻപ് ദൈവീകമായ സാന്നിധ്യത്തിന്റെ മഹനീയമായ അടയാളം അവനെ അംഗീകരിക്കുന്നതായിരുന്നു. മറുരൂപം ഭാഗികമായി ശിഷ്യന്മാർക്കുവേിയായിരുന്നു, എന്നാൽ മുഖ്യമായും അവരുടെ യജമാനനുവേി ആയിരുന്നു. അതു സാക്ഷീകരിച്ചത് തിരഞ്ഞെടുക്കപ്പെട്ട മൂന്നുപേരായിരുന്നു – പത്രൊസും, യാക്കോബും യോഹന്നാനും. അവൻ തീവ്രമായ പ്രാർത്ഥനയിൽ ലയിച്ചിരുന്നപ്പോൾ, മനുഷ്യമൂടുപടം ദൈവത്താൽ നീങ്ങി, സ്വർഗ്ഗീയ തേജസ്സ്, ആവരണമാക്കി. പഴയനിയമത്തിലെ മദ്ധ്യസ്ഥനായിരുന്ന മോശെയും, നവോത്ഥാരകനായി രുന്ന ഏലിയാവും, പ്രത്യക്ഷനായി, തനിക്ക് യെരുശലേമിൽ നേരിടുവാനുള്ളത്, സംസാരിച്ചുകൊിരുന്നു; എന്നാൽ യോർദ്ദാനിലെ പോലെ, സ്വർഗ്ഗത്തിൽ നിന്ന്, ഒരു ശബ്ദമുായി, "ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു,"[11] പ്രത്യേകമായി ചേർത്തിരിക്കുന്നു, "അവനു ചെവി കൊടുപ്പിൻ." അതു തീർച്ചയായും പ്രാധാന്യമുള്ള ഒരു രംഗമായിരുന്നു. അതിന്റെ ഓർമ്മ ഒരു അപ്പൊസ്തോലനിൽ ദീർഘകാലം ഉായിരുന്നു (2 പത്രൊ. 1:16–18). പഴയനിയമത്തിലെയും പുതിയനിയമത്തിലെയും, പ്രവാചകന്മാരും അപ്പൊസ്തലന്മാരും, സ്വർഗ്ഗവും ഭൂമിയും കുമുട്ടി. നിഷ്ഫലമായ ശുശ്രൂഷ എന്നു തോന്നിക്കുന്നതിൽ പിതാവിന്റെ അംഗീകാരമായ മുദ്ര ആയിരുന്നു യേശുവിനു ലഭിച്ചത്, അവനോടുകൂടെ എന്നേക്കുമുായിരിക്കുമെന്ന ഉറപ്പും ലഭിച്ചു. ശിഷ്യന്മാർക്ക് അവരുടെ ഏറ്റുപറച്ചിൽ തെറ്റിപ്പോയില്ല എന്ന സൂചനയായിരുന്നു ലഭിച്ചത്; അന്നുമുതൽ, അവർ കേൾക്കേതും പ്രസം

ഗിക്കേതും മോശയെ ആയിരുന്നില്ല, മറിച്ച് ക്രിസ്തുവിനെ ആയിരുന്നു. എന്നാൽ വീും താൽക്കാലികമായ നിശബ്ദത അവരിൽ ഉായിരുന്നില്ല. ആ ദർശനത്തിന്റെ മുഴുവൻ കാഴ്ച്ചയും ലഭിച്ചത് ഉയർത്തെഴുന്നേൽപിലും സ്വർഗ്ഗാരോഹണത്തിലുമായിരുന്നു. മലയിലെ ദർശനത്തിൽ നിന്ന് ഇറങ്ങി, യേശു അപസ്മാരമുള്ള ഒരു ഭൂതബാധിതനെ സൗഖ്യമാക്കി, കഫർന്നഹൂമിലേക്ക് മടങ്ങി, അപ്പോഴും ശിഷ്യന്മാരെ യെരുശലേമിലെ മഹാവിപത്ത് നേരിടുന്നതിനായി ഒരുക്കിക്കൊിരുന്നു.

**6. ഗലീലിയ ശുശ്രൂഷയുടെ അവസാനം.** – യേശു ഗലീലയിൽ അധികനാൾ താമസിച്ചില്ല. അവന്റെ അവിടുത്തെ മഹത്തായ ജോലി തീർത്തു. പുരുഷാരത്തെ ഒഴിവാക്കി, അത്ഭുതങ്ങൾ എന്തെങ്കിലും ഉങ്കെിൽ ചിലതു ചെയ്ത്, തന്റെ രാജ്യത്തിന്റെ ആത്മീയത ശിഷ്യന്മാരെ വിശ്വസിപ്പിച്ചുകൊു, ശിശുക്കളെ പോലെ താഴ്മ ധരിച്ച് അതിൽ പ്രവേശിക്കുന്നതിനെ കുറിച്ചും ബോധ്യമാക്കി (മത്താ. 18:1–14). കൂടാരപെരുന്നാളിന്റെ ഉത്സവം അടുത്തിരുന്നു, ചെറിയ ആ കൂട്ടം, ശമര്യവഴിയായി, ഒരിക്കൽ കൂടെ യെരുശലേമിലേക്കു പോയി.

കുറിപ്പുകൾ

[1]മത്താ. 9:13; മർക്കൊസ് 2:17; ലൂക്കൊസ് 5:32. [2]അപ്പൊസ്തലന്മാരുടെ നാലു പട്ടികകൾ ഉ് :

| മത്താ. 10:2–4. | മർക്കൊസ് 3:16–19. | ലൂക്കൊസ് 6:14–16. | പ്രവൃത്തികൾ 1:13. |
|---|---|---|---|
| ശിമോൻ പത്രോസ് | ശിമോൻ പത്രോസ് | ശിമോൻ പത്രോസ് | ശിമോൻ പത്രോസ് |
| അന്ത്രയോസ് | യാക്കോബ് | അന്ത്രയോസ് | യാക്കോബ് |
| യാക്കോബ് | യോഹന്നാൻ | യാക്കോബ് | യോഹന്നാൻ |
| യോഹന്നാൻ | അന്ത്രയോസ് | യോഹന്നാൻ | അന്ത്രയോസ് |
| ഫിലിപ്പോസ് | ഫിലിപ്പോസ് | ഫിലിപ്പോസ് | ഫിലിപ്പോസ് |
| ബർത്തലോമി | ബർത്തലോമി | ബർത്തലോമി | തോമസ് |
| തോമസ് | മത്തായി | മത്തായി | ബർത്തലോമി |
| മത്തായി | തോമസ് | തോമസ് | മത്തായി |
| അൽഫായിയുടെ മകൻ യാക്കോബ് | അൽഫായിയുടെ മകൻ യാക്കോബ് | അൽഫായിയുടെ മകൻ യാക്കോബ് | അൽഫായിയുടെ മകൻ യാക്കോബ് |
| ലോബിയാസ്, തദയാസ് | തദയാസ് | വ്യഗ്രതയുള്ള ശീമോൻ | വ്യഗ്രതയുള്ള ശീമോൻ |
| കനാന്യനായ ശീമോൻ | കനാന്യനായ ശീമോൻ | യാക്കൊബിന്റെ സഹോദരനായ യൂദാ | യാക്കൊബിന്റെ സഹോദരനായ യൂദാ |
| ഇസ്കാര്യോത്താ യൂദാ | ഇസ്കാര്യോത്താ യൂദാ | ഇസ്കാര്യോത്താ യൂദാ | – |

ശ്രദ്ധിക്കുക: (1) മൂന്നു കൂട്ടമു്. (2) ഓരോ പട്ടികയിലും പത്രോസ് ആദ്യം വരുന്നു, ഫിലിപ്പോസ് രാമത്, അൽഫായിയുടെ മകൻ (അല്ലെങ്കിൽ അൽഫേയസ്) മൂന്നാമതുവരുന്നു. (3) "സീലോട്ട്" എന്നതു അരാമ്യ വാക്കായ "കനാനേയൻ" എന്നതിന്റെ ഗ്രീക്കുവാക്കാണ്. (4) ഇസ്ക്കാര്യോത്താ യൂദാ എല്ലാ പട്ടികയിലും അവസാനമാണ് വരുന്നത്. (5) തദയാസ് ഒരുപക്ഷെ യാക്കൊബിന്റെ സഹോദരനായ യൂദാ ആയിരിക്കണം.

[3]മർക്കൊസ് 4:39; കൂടാതെ നോക്കുക മത്താ. 8:26; ലൂക്കൊസ് 8:24. [4]മത്താ. 8:27; കൂടാതെ നോക്കുക മർക്കൊസ് 4:41; ലൂക്കൊസ് 8:25. [5]ഡീനിന്റെ "കൈപ്പണി." [6]മത്താ. 3:2; 4:17; കൂടാതെ നോക്കുക മർക്കൊസ് 1:14, 15. [7]മത്താ. 16:13; കൂടാതെ നോക്കുക മർക്കൊസ് 8:27; ലൂക്കൊസ് 9:18. [8]മത്താ. 16:15; മർക്കൊസ് 8:29; ലൂക്കൊസ് 9:20. [9]മത്താ. 16:16; കൂടാതെ നോക്കുക മർക്കൊസ് 8:29; ലൂക്കൊസ് 9:20. [10]മത്താ. 16:23; മർക്കൊസ് 8:33.

[11]മത്താ. 17:5; കൂടാതെ മർക്കൊസ് 9:7; ലൂക്കൊസ് 9:35 നോക്കുക.